ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ. എസ്. ഇ. ബി. യുടെ കണക്കുപ്രകാരം വൈദ്യുതി ചാർജ്ജ് കുടിശ്ശിക യിനത്തിൽ എത്ര തുക പിരിഞ്ഞുകിട്ടാനുണ്ട് എന്ന് വ്യക്തമാക്കാമോ ; ഇത് പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ?

ഉത്തരം

കെ.എസ്.ഇ.ബി.-യുടെ കണക്കുപ്രകാരം വൈദ്യുതി ചാർജ്ജ് കുടിശ്ശിക യിനത്തിൽ 1633.49 കോടി രൂപയാണ് 30-9-2014-ലെ കണക്കുപ്രകാരം പിരിഞ്ഞുകിട്ടാനുള്ളത്. മേൽ പറഞ്ഞ തുക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ, അദാലത്തുകൾ, റവന്യൂ റിക്കവറി നടപടികൾ, തവണ വ്യവസ്ഥകൾ എന്നിങ്ങനെ വിവിധങ്ങളായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.

റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ്

13 (353) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി ഏതാണ് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കാനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെ ടുത്തിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) എത്രമാത്രം വൈദ്യുതിയാണ് പ്രസ്തുത പദ്ധതി മുഖേന ഗ്രണഭോ ക്താവിന് ലഭിക്കാവുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പതിനായിരം കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ ഒരു കിലോവാട്ട്

LIBRARY ARCHIVES Kerala Legislative Assembly

സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടന്നുവരികയാണ്. ഇതുകൂടാതെ കേന്ദ്ര സബ്സിഡിയോടെ ഉയർന്ന കപ്പാസിറ്റിയുള്ള പ്ലാന്റുകളും സ്ഥാപിച്ചു വരുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ 100 കിലോവാട്ട് സോളാർ പവർപ്ലാന്റ് വിവിധ സർക്കാർ കെട്ടിടങ്ങളിൽ സ്ഥാപിക്കുന്ന പദ്ധതിയും പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയിലൂടെ 10000 വീടുകളിലായി ഒരു കിലോവാട്ട് സ്ഥാപിതശേഷിയുള്ള സോളാർ പവർപ്ലാന്റുകൾവഴി ആകെ 10 മെഗാവാട്ട് വൈദ്യുതി ഉത്പാദനമാണ് ലക്ഷ്യമിടുന്നത്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്ന നോഡൽ ഏജൻസി അനെർട്ടാണ്.

(ഡി) പദ്ധതി നടത്തിപ്പിനായി അനെർട്ട് എം.എൻ.ആർ.ഇ. യിൽ ചാനൽ പാർട്ണേഴ്സായിട്ടുള്ളവരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കമ്പനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഇ) ഈ പദ്ധതിയിലൂടെ ഒരു ഉപഭോക്താവിന് 1 കിലോവാട്ട് സൗരോർജ്ജ പവർപ്ലാന്റ് സ്ഥാപിക്കാനാവും. പ്രസ്തുത പ്ലാന്റിൽനിന്നും സൂര്യപ്രകാശത്തിന്റെ ലഭ്യതയനുസരിച്ച് പ്രതിദിനം 3-3.5 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനാവും. അതിലൂടെ പ്രതിമാസം 80-100 യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിക്കും.

ആർ.ജി.ജി.വി. വൈ പദ്ധതി

14 (354) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര പദ്ധതിയായ ആർ.ജി.ജി.വി. വൈ പദ്ധതിയുടെ കാലാവധി അവസാനിച്ചോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ഇന്നിയും വൈദ്യുതി നൽകുവാൻ കഴിയുമോ ;

(സി) ഇതിനകം സംസ്ഥാനത്ത് എത്ര കോടി രൂപ ഈപദ്ധതിവഴി ചെലവഴിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ബി.പി.എൽ, എ.പി.എൽ വേർതിരിവ് ഒഴിവാക്കിക്കൊണ്ട് അർഹത നിശ്ചയിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിനെ ചുമതലപ്പെടുത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനം <u>ശുപാർശ</u>

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly